# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6426** **03.04.2018 ലെ മറുപടി**

**തോടുകൾ സംരക്ഷിക്കുന്നതിന് പദ്ധതികൾ**

**ചോദ്യം**

**ശ്രീ.ആർ. രാമചന്ദ്രൻ :**

(എ) ഗ്രാമീണമേഖലയിലെ നീരൊഴുക്കുതോടുകൾ സംരക്ഷിക്കുന്നതിനും തോടുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതാ ബോധം ജനങ്ങളിൽ വളർത്തുന്നതിനും വേണ്ടി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദീകരിക്കാമോ;

(ബി) ഇതിന്റെ ഭാഗമായി തോടുകൾ പരമ്പരാഗതമാർഗ്ഗങ്ങളിലൂടെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ)യും (ബി)യും

കൃഷിക്ക് ആവശ്യമായ ജലം എത്തിക്കുന്നതിലും വിതരണം കാര്യക്ഷമമാക്കുന്നതിലും തോടുകൾക്ക് വലിയ പ്രാധാന്യമുണ്ട്. എന്നാൽ ഭൂ വിനിയോഗത്തിൽ വന്ന മാറ്റവും, കൃഷി കുറയുന്നതും, തോടുകൾ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന പ്രവണത വർദ്ധിപ്പിക്കാനിടയാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവണതകൾ ഇല്ലാതാക്കുന്നതിന് ഹരിത കേരളം മിഷന്റെ ഉപമിഷനായ "ജല സംരക്ഷണം/ജലസമൃദ്ധി" യുടെ ഭാഗമായി നടത്തുന്ന നീർത്തട പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായുള്ള നീർത്തട നടത്തം/പുഴ നടത്തം പോലുള്ള പ്രചാരണ-വിവരശേഖരണ പരിപാടികൾ സഹായിക്കുമെന്ന് കണക്കാക്കുന്നു. ഇതോ ടൊപ്പം, ഗ്രാമ പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന നീർത്തട പ്ലാനിൽ ഓരോ ചെറു നീർത്തടത്തിലും വരുന്ന ചെറുതും വലുതുമായ തോടുകൾ സംബന്ധിച്ച വിവരവും അവയുടെ നിലവിലെ സ്ഥിതിയും, സംരക്ഷണ മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർവകുപ്പുകൾ, ജനപങ്കാളിത്തം എന്നിവ ഉറപ്പാക്കി ജൈവമാർഗ്ഗങ്ങൾ ഉപയോഗിച്ച് തോടുകളുടെയും മറ്റ് നീരുറവകളുടെയും സംരക്ഷണവും പുനഃരുദ്ധാരണവും ഉറപ്പാക്കാനാവശ്യമായ നടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുക്കാൻ സാധിക്കും. കൂടാതെ, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും തോടുകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**